# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.313 — 21-06-2018 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി**
**ശ്രീ.ടി.എ.അഹമ്മദ് കബീർ**
**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**
**പൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

## നികുതി വരുമാനത്തിലെ കുറവ്

| | | |
|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 2011-12 സാമ്പത്തിക വർഷം മുതൽ 2017-18 സാമ്പത്തിക വർഷം വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. താഴെ കൊടുത്തിരിക്കുന്ന കണക്കുകൾ വിലയിരുത്തുമ്പോൾ കഴിഞ്ഞ ഒരു ദശാബ്ദ കാലയളവിൽ ഏറ്റവും കുറഞ്ഞ നികുതി വരുമാന വളർച്ചാ നിരക്ക് രേഖപ്പെടുത്തിയത് 2013-14 സാമ്പത്തിക വർഷത്തിലാണ്. |

| വർഷം | തനത് നികുതി വരുമാനം | വർദ്ധനവ് |
|---|---|---|
| 2011-12 | 25718.60 | 3996.91 |
| 2012-13 | 30076.61 | 4358.01 |
| 2013-14 | 31995.02 | 1918.41 |
| 2014-15 | 35232.50 | 3237.48 |
| 2015-16 | 38995.15 | 3762.65 |
| 2016-17 | 42176.38 | 3181.23 |
| 2017-18 *(എ.ജി.യുടെ താൽക്കാലിക കണക്കുകൾ പ്രകാരം)* | 46459.64 | 4283.26 |

സമ്പദ് വ്യവസ്ഥയിൽ പൊതുവിൽ നിലനിന്നിരുന്ന മാന്ദ്യം, നോട്ട് അസാധുവാക്കൽ നടപടി, വേണ്ടത്ര ആസൂത്രണമില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കൽ എന്നിവയെ തുടർന്നുണ്ടായ പ്രതിസന്ധികൾക്കിടയിലും 2017-18 സാമ്പത്തിക വർഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത് ശ്രദ്ധേയമാണ്.

| | | |
|---|---|---|
| (ബി) | നികുതി വരുമാനത്തിലെ കുറവ് സംസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെയും വികസന പദ്ധതികളേയും ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | തനത് നികുതി വരുമാന ലഭ്യതയിൽ പ്രതീക്ഷിച്ച തോതിലുള്ള വളർച്ചാ നിരക്ക് കൈവരിക്കാനായില്ലെങ്കിലും കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കോട്ടം തട്ടാതെ മുന്നോട്ടുകൊണ്ടു പോകുന്നതിനും വികസന പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | സി. ആന്റ് എ.ജി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | 2016-17 വർഷത്തെ സി&എ.ജി റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് പലതരത്തിലുള്ള നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. നിരീക്ഷണങ്ങളിൽ സുപ്രധാനമായ ഒന്ന് സംസ്ഥാന വരുമാനത്തിലെ വളർച്ചാനിരക്കിലുള്ള കുറവ് സംബന്ധിച്ചാണ്. ഈ സന്ദർഭത്തിൽ സുപ്രധാനമായി പരാമർശിക്കാവുന്ന കാര്യം മൊത്തം സംസ്ഥാന വരുമാനത്തിൽ കുറവുണ്ടാകുന്നതിനുള്ള കാരണങ്ങളിലൊന്ന് 2015-16-ൽ 4640 കോടി രൂപ ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള റവന്യൂ കമ്മി ഗ്രാന്റായി ലഭ്യമായപ്പോൾ 2016-17-ലും 2017-18-ലും പ്രസ്തുത ഗ്രാന്റ് യഥാക്രമം 3350 കോടി രൂപയും 1529 കോടി രൂപയുമായി കുറഞ്ഞു. 2018-19 മുതൽ ഈ ധനസഹായം സംസ്ഥാനത്തിന് ലഭ്യമല്ലായെന്നുള്ള കാര്യവും ശ്രദ്ധേയമാണ്. സംസ്ഥാന വരുമാനത്തിന്റെ മുഖ്യസ്രോതസ് വില്പന നികുതിയും മൂല്യവർദ്ധിത നികുതിയുമായിരുന്നു. എന്നാൽ ചരക്ക് സേവന നികുതി സംവിധാനം നിലവിൽ വന്നതോടു കൂടി നികുതി സമാഹരണത്തിന്മേൽ ഇടപെടാനുള്ള സംസ്ഥാനത്തിന്റെ അധികാരപരിധി പരിമിതമാക്കപ്പെട്ടു. ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയും സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയും ക്രിയാത്മകമായ പല നിർദ്ദേശങ്ങളും നിലപാടുകളും ചരക്ക് സേവന നികുതി സമിതിയിൽ നിരവധി തവണ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം കാര്യക്ഷമമാകുന്നതോടു കൂടി അന്തർസംസ്ഥാന വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. വിൽപന നികുതി, കാർഷികാദായ നികുതി എന്നീ ആക്ടുകൾ |

| | | |
|---|---|---|
| | | പ്രകാരമുള്ള അസസ്സ്മെന്റുകളിൽ വന്നിട്ടുള്ള നികുതികുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംതുലിതമാക്കുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമായ റെയിൽവേ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കുന്നതിനുള്ള നടപടികളും സംസ്ഥാന ചരക്ക് സേവന വകുപ്പ് മുഖേന പ്രാവർത്തികമാക്കി വരുന്നു. |

**അക്കൗണ്ട്സ് ഓഫീസർ**